# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>വഴിയോര തണൽ പദ്ധതി</u>

1820 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോര തണൽ പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) വഴിയോര തണൽ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) നശിച്ചു പോയ വൃക്ഷതൈകൾക്കു പകരം തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വനഭൂമിയുടെ വിസ്തീർണം</u>

1821 ശ്രീ.ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-ൽ സർക്കാരിന്റെ കൈവശമുണ്ടായിരുന്ന വനഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2013-ലെ കണക്കനുസരിച്ച് സർക്കാരിന്റെ കൈവശമുള്ള വനഭൂമിയുടെ വിസ്തിർണ്ണം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കനോപ്പി വ്യവസ്ഥ</u>

1822 ശ്രീ. എം. ഉമ്മര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീര്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കനോപ്പി മേഖലകളെ സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) പരിസ്ഥിതി സന്തുലനത്തിന് കനോപ്പി വ്യവസ്ഥയുടെ പങ്കിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(സി) നിലവിലുള്ള കനോപ്പി വ്യവസ്ഥയെ കൂടുതല്‍ വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നഗരങ്ങളില്‍ കൂടുതല്‍ പ്രദേശത്ത് കനോപ്പി സംവിധാനം വ്യാപിപ്പിക്കുന്നതിന് ടൂറിസം വനം വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവര്‍ത്തനങ്ങള്‍ നടത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റം</u>

1823

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രൂപീകരണസമയത്ത് സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്രയായിരുന്നു ;

(ബി) 2013 ജനുവരി 31 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ട് ;

(സി) ഏറ്റവും കൂടുതൽ വനഭൂമി കൈയേറ്റം നടത്തിയിട്ടുള്ളത് ഏത് ജില്ലയിലാണ് ; വനംകൈയേറ്റം സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ ;

(ഡി) 2006 ജൂലായ് മാസം മുതൽ 2011 മാർച്ച് മാസം വരെ എത്ര ഏക്കർ കൈയേറിയ വനഭൂമി ഒഴിപ്പിച്ചെടുത്തു ; ഏത് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ വനഭൂമി ഒഴിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) 2011 ജൂൺ മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ എത്ര വനം കൈയേറ്റങ്ങൾ ഒഴിപ്പിച്ചു ; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ ;

(എഫ്) സംസ്ഥാനത്ത് 2006 ജൂൺ മാസം മുതൽ 2011 മാർച്ച് മാസം വരെ വനം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് 2011 ജൂലായ് മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ വനസംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>നെല്ലിയാംപതിയിലെ പരിസ്ഥിതി ദുർബ്ബലമേഖല</u>

1824 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതിയിലെ പരിസ്ഥിതി ദുർബ്ബല മേഖലയിൽ പോബ്സ് ഗ്രൂപ്പ് നിയമവിരുദ്ധമായി സ്ഥലം കൈവശം വെച്ചുവരുന്നുണ്ടോ; അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് എത്രയാണ്; കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ</u>

1825

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ സർക്കാർ ഏറ്റെടുത്ത എസ്റ്റേറ്റുകളിൽ ഏതെല്ലാമാണ് കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കൈമാറിയ എസ്റ്റേറ്റുകളിൽ പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) വനാവകാശ നിയമത്തിനെതിരായി കെട്ടിടം കെട്ടുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പാട്ടക്കരാറിൽ ഏർപ്പെട്ട തോട്ടങ്ങൾ</u>

1826 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി പാട്ടക്കരാറിൽ ഏർപ്പെട്ടിട്ടുള്ള എത്ര തോട്ടങ്ങളുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ നിന്നും കരാറുകാർ ഒഴിഞ്ഞു പോകാൻ നോട്ടീസ് നൽകുകയോ കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടുണ്ടോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ തോട്ടങ്ങളുടെയും പാട്ടക്കാലാവധി എന്നാണ് കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ കരാറുകാർക്ക് ഇതുവരെ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ കാരണം എന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞതും, കരാർ ലംഘനം നടന്നിട്ടുള്ളതുമായ തോട്ടങ്ങളും, വനഭൂമികളും</u>

1827 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും, കരാർ ലംഘനം നടന്നിട്ടുള്ളതുമായ തോട്ടങ്ങളും, വനഭൂമികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തോട്ടങ്ങളും, വനഭൂമികളുമാണ് പാട്ടക്കാലാവധി കഴിഞ്ഞതും, കരാർ ലംഘനം നടത്തിയതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യം

1828 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വനങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷണം</u>

1829 ശ്രീ. കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഇക്കോ ടൂറിസം പദ്ധതി

1830 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവുമായി ബന്ധപ്പെട്ട ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കേസുകൾ തീർപ്പാക്കുന്നതിനായി പദ്ധതി</u>

1831

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം കേസുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ആദിവാസികളെ പ്രതിചേര്‍ത്തുള്ള കേസുകള്‍</u>

1832 ശ്രീ. പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിവിധ റേഞ്ചാഫീസുകളില്‍ ആദിവാസികളെ പ്രതിചേര്‍ത്തുള്ള കേസുകള്‍ വര്‍ദ്ധിച്ചു വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസികളെ പ്രതിചേര്‍ത്ത് നിലവില്‍ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; ആയതിന്റെ വിവരങ്ങള്‍ ജില്ലാടിസ്ഥാനത്തില്‍ നല്‍കുമോ ;

(സി) ആദിവാസികളെ നിസ്സാരകാര്യങ്ങളില്‍ പ്രതി ചേര്‍ത്തതിനുശേഷം മാനസികമായി പിഡീപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന പ്രവണത സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും കുറ്റക്കാര്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുന്നതിനും നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>വനവാസികളുടേയും ഗോത്രവർഗ്ഗക്കാരുടെയും പ്രശ്നങ്ങൾ</u>

1833

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടെയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുവാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആയതിനായി വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരെ അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരുടെ മറ്റ് സെറ്റിൽമെന്റുകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1834

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിലെ മരം മുറിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) പൊതുസ്ഥലങ്ങളിലെ മരം അനധികൃതമായി മുറിയ്ക്കുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ജില്ലാതല 'ട്രീ കമ്മിറ്റികൾ' ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനക്ഷമമാണോ ; അല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>മരത്തടികൾക്ക് വില നിർണ്ണയം</u>

1835 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരത്തടികൾക്ക് വില നിർണ്ണയിക്കുന്നതിന്റെ മാന ദണ്ഡം എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഓരോ തരം മരങ്ങൾക്കും നിശ്ചയിച്ചിരിക്കുന്ന വില അടങ്ങിയ പട്ടിക ലഭ്യമാക്കുമോ;

(സി) ഹാർഡ് വുഡ് ഇനത്തിൽപ്പെട്ട പ്ലാവ ്മുതലായ മര ങ്ങൾക്ക് വില നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വില നിശ്ച യിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

1836 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത സ്ഥാപനങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏതെല്ലാമണ്;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം എത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ നഷ്ടമുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കാട്ടുതീ നിയന്ത്രണം</u>

1837 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാടുകളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടപ്പാക്കി; വിശദമാക്കുമോ;

(ബി) വേനൽമഴയുടെ കുറവ് കാട്ടുതീ പടരാനുള്ള സാധ്യത വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാട്ടുതീ നിയന്ത്രിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

1838 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് വനംവകുപ്പ് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ പരപ്പയിൽനിന്ന് ആരംഭിച്ച് ദേലമ്പാടി വില്ലേജിലെ പ്രധാന ജനവാസകേന്ദ്രത്തിൽ എത്തിച്ചേരുന്ന പ്രസ്തുത റോഡിൽ വനംവകുപ്പിന്റെ അധികാരപരിധിയിലല്ലാത്ത ഭാഗം പി.ഡബ്ള്യൂ.ഡി. നല്ല നിലവാരത്തിലുള്ള റോഡാക്കിമാറ്റിയ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പി.ഡബ്ള്യു.ഡി. റോഡിന് കണക്ഷൻകിട്ടുന്ന തരത്തിൽ വാഹനഗതാഗതമുള്ള റോഡാക്കിമാറ്റുന്നതിലേയ്ക്ക് അധികമായി പണം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വനം വകുപ്പിലെ പെൻഷൻ സംബന്ധിച്ച കേസ്സുകൾ</u>

1839 ശ്രീ. എം. എ. വാഹീദ്
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പെൻഷൻ സംബന്ധിച്ച കേസ്സുകളെല്ലാം തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി</u>

1840 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ജോലിചെയ്യുന്ന താത്ക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷം ജോലിചെയ്തവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തസ്തികകളിൽ ജോലിചെയ്തവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന വാച്ചർമാർ ജോലി ചെയ്ത വർഷം കണക്കാക്കുമ്പോൾ തുടർച്ചയായി ജോലിചെയ്ത വർഷമാണോ, വകുപ്പിൽ ആകെ ജോലി ചെയ്ത വർഷമാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന താത്ക്കാലികജീവനക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ വന്യമൃഗങ്ങളുടെ വിശദാംശം</u>

1841 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ മൃഗങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് യാഥാർത്ഥ്യമാണോ;

(ബി) വനം വകുപ്പ് നടത്തിയ കണക്കെടുപ്പുകളിൽ കേരളത്തിലെ വനങ്ങളിൽ കടുവ, പുള്ളിപ്പുലി എന്നിവയുടെ ഇപ്പോഴത്തെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) കേരളത്തിലെ കാടുകളിൽ ആനകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; ഇപ്പോഴത്തെ കണക്കെടുപ്പുകളിൽ എത്ര ആനകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സോളാർ ഫെൻസിംഗ്</u>

1842

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലേയ്ക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ച 'സോളാർ ഫെൻസിംഗ്' ഏതെല്ലാം മേഖലകളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയെയാണ് ഇത് സ്ഥാപിക്കുവാൻ ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) 'അനെർട്ട്'- നെ ഏതെങ്കിലും പ്രദേശത്ത് സോളാർ ഫെൻസിംഗ് നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>വന്യജീവികളിൽ നിന്ന് കർഷകർക്കും കാർഷിക വിളകൾക്കും സംരക്ഷണം</u>

1843 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരെയും കാർഷിക വിളകളെയും വന്യജീവികളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതുമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

വന്യമൃഗങ്ങളുടെ ആക്രമണം

1844 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെയും കാട്ടാനകളുടെയും ആക്രമണം രൂക്ഷമായികൊണ്ടിരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ, മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകളിലെ ചുള്ളി, പോർക്കുന്നപ്പാറ, വെള്ളപ്പാറ, കട്ടിംങ് തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായികൊണ്ടിരിക്കുന്ന ആനശല്യം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ അടിയന്തിരമായി സോളാർ ഫെൻസിംഗ് നിർമ്മിക്കുവാൻ തുക അനുവദിക്കുമോ; ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരം</u>

1845

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ആന സ്ക്വാഡുകൾ</u>

T 1846 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആന സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ ആന സ്ക്വാഡിന്റെ പ്രവർത്തനം നിലച്ചു പോയിട്ടുണ്ടോ; എങ്കിൽ, കാരണം വിശദമാക്കാമോ; ഉത്സവങ്ങളെ ഇത് ഏതെങ്കിലും തരത്തിൽ ബാധിക്കുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ് പ്രോഗ്രാം</u>

1847 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പ്രോഗ്രാമിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു.; വിശദമാക്കുമോ;

(ഡി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കായികമേഖലയ്ക്ക് പുത്തൻ ഉണർവ്</u>

1848 ശ്രീ. സി.എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കായിക താരങ്ങൾക്ക് കാലോചിതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നല്ല നിലയിലുള്ള പരിശീലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നൽകുന്നതിനുമായി
പുതുതായി എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>നാഷണല്‍ ഗെയിംസ്</u>

1849 ശ്രീ. പി.ബി.അബ്ദുള്‍ റസാക്
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം ആതിഥ്യം വഹിക്കുന്ന നാഷണല്‍ ഗെയിംസി നായി ഇതേവരെ നടത്തിയ പ്രവര്‍ത്തനങ്ങള്‍ വിലയിരു ത്തിയിട്ടുണ്ടോ ; ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനാ യിട്ടുണ്ടോ ;

(ബി) സ്പോര്‍ട്സ് വില്ലേജുകള്‍ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശങ്ങള്‍ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കില്‍ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) മത്സര ഇനങ്ങള്‍ക്കുള്ള സ്റ്റേഡിയം നിര്‍മ്മിതിയില്‍ എല്ലാ ജില്ലകള്‍ക്കും മതിയായ പ്രാതിനിധ്യം നല്‍കിയിട്ടുണ്ടോ ; ഇല്ലെങ്കില്‍ അക്കാര്യം പരിശോധിച്ച് ആവശ്യമായ നട പടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ദേശീയ ഗെയിംസ്

1850 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദ്യ ഹരിത ദേശീയ ഗെയിംസ് എന്ന നിലയിൽ സംഘടിപ്പിക്കുന്ന 35-ാമത് ദേശീയ ഗെയിംസിന് ആതിഥ്യം വഹിക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഗെയിംസിനുള്ള വേദികൾ എവിടെയൊക്കെയാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ്</u>

1851 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടത്തുന്ന ദേശീയ ഗെയിംസിന്റെ തീയതി തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ദേശീയ ഗെയിംസിന്റെ വേദികളെക്കുറിച്ചും, ഓരോ വേദിയിലും നടത്താൻ തീരുമാനിച്ചിട്ടുള്ള മത്സരയിനങ്ങളെക്കുറിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) ദേശീയ ഗെയിംസ് വേദികളിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഓരോ വേദിയ്ക്കും എന്തു തുക വീതമാണ് മാറ്റിവച്ചിട്ടുള്ളതെന്നും ഇതിൽ എത്ര വീതം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>നാഷണൽ ഗെയിംസ് നടത്തുന്ന വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

1852 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, എം. എ. വാഹിദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസ് നടത്തുന്ന വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വേദികളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ വർഷം എത്ര വേദികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ;

(ഡി) മറ്റു വേദികളുടെ നിർമ്മാണ പ്രവർത്തങ്ങൾ എത്ര ശതമാനം പൂർത്തികരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

നിന്തൽ കുളങ്ങൾ

1853

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായിരുന്ന നീന്തൽ പുതിയ തലമുറയിൽ നിന്ന് വേരറ്റുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴകളിലെയും തോടുകളിലെയും ജലദൗർലഭ്യതയും ഗ്രാമങ്ങളിലെ കുളങ്ങൾ നികത്തിയതുമാണ് ഇതിന് കാരണമെന്ന കാര്യം പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി പൊതു ഉടമസ്ഥതയിലുള്ള നീന്തൽ കുളങ്ങൾ കാലാനുസൃതമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) താനൂർ നിയോജക മണ്ഡലത്തിലെ എടക്കടപ്പുറത്തുള്ള മുക്കാത്തോട് കുളം സർക്കാർ സംരക്ഷിച്ച് പൊതു നീന്തൽ കുളമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം</u>

1854 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള സ്റ്റേഡിയം നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരിക്കുന്നതിനായി ഇതു വരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കരുമാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ഗ്രൗണ്ട് പുനരുദ്ധാരണം</u>

1855 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ കരുമാടി ഗവൺമെന്റ് ഹൈസ്കൂളിന് പൈക്ക പദ്ധതി പ്രകാരം 2011-12 ൽ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കരുമാടി ഗവൺമെന്റ് ഹൈസ്കൂളിലെ ഗ്രൗണ്ട് പുനരുദ്ധാരണത്തിനായി പഞ്ചായത്തിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഫണ്ട് അനുവദിച്ചു നൽകിയത് എന്ന് വ്യക്തമാക്കുമോ; പഞ്ചായത്തിന് അനുവദിച്ചു നൽകിയ ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം</u>

1856 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തൽ ഒരു സ്റ്റേഡിയം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുത്ത് നൽകിയാൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുമോ;

(ബി) മാവേലിക്കര, താമരക്കുളം ചത്തിയറ സ്കൂളുകളിൽ എസ്.ഇ.പി.റ്റി ഫുട്ബാൾ ടീമിന് സർക്കാർ സഹായം നൽകുന്നുണ്ടോ; എസ്.ഇ.പി.റ്റി യെ പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കുമോ;

(സി) എസ്.ഇ.പി.റ്റിയുടെ ആലപ്പുഴ ജില്ലയിലെ കേന്ദ്രമെന്ന നിലയിൽ ചത്തിയറ സ്കൂൾ ഗ്രൗണ്ടിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ചെറുതാഴം പഞ്ചായത്തിലെ നരീക്കാംവള്ളി സ്റ്റേഡിയം നവീകരണം

1857 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നരീക്കാംവള്ളിയിലെ സ്റ്റേഡിയം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ</u>

1858 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പദ്ധതികൾ ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ തയ്യാറാകുമോ;

(സി) പഞ്ചായത്തുകളിലെ കളിസ്ഥലങ്ങൾ വകുപ്പ് ഏറ്റെടുത്ത് പരിഷ്ക്കരിച്ച് കായിക വളർച്ചയ്ക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഫിലിം സിറ്റി

1859 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിലിംസിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ആയതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

1860 ശ്രീ. സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ ഡൈനമിക് ആക്കി മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനം കാലാനുസൃതമായി നവീകരിക്കുന്നതിനായി പരിഗണനയിലുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതിക യോഗ്യതയോ നവീന ടെക്നോളജി ഉൾക്കൊള്ളാനുള്ള കഴിവോ ഇല്ലാത്ത, ജീവനക്കാർക്ക് പകരം അനുയോജ്യരായവരെ നിയമിക്കാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഫിലിം ഫെസ്റ്റിവൽ

1861

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന ഫിലിം ഫെസ്റ്റിവൽ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ പാഞ്ചജന്യം ഫിലിം സൊസൈറ്റി സംഘടിപ്പിക്കുന്ന ഫിലിം ഫെസ്റ്റിവൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃകാപരമായി സംഘടിപ്പിക്കുന്ന പാഞ്ചജന്യം ഫിലിം ഫെസ്റ്റിവലിന് എന്തെല്ലാം സഹായങ്ങളാണ് നൽകയിയിട്ടുളളത് എന്ന് വിശദമാക്കുമോ;

(ഡി) വളരെ മാതൃകാപരമായി ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന സംഘടനകൾക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഐ.എഫ്.എഫ്.കെ യിൽ നിന്നും ഓപ്പൺ ഫോറം ഒഴിവാക്കിയ നടപടി

1862 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ൽ നടത്തിയ ഐ.എഫ്.എഫ്.കെ യിൽ നിന്നും ഓപ്പൺ ഫോറം ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) ഓപ്പൺ ഫോറം ഒഴിവാക്കിയത് ഐ.എഫ്.എഫ്.കെ യിൽ സാധാരണയുണ്ടാകാറുള്ള ഉത്സവാന്തരീക്ഷത്തെ ഇല്ലാതാക്കിയെന്നുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത പ്രാവശ്യം ഓപ്പൺ ഫോറം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കായംകുളത്ത് മൾട്ടിപ്ലക്സ് തിയറ്റർ</u>

1863

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളത്ത് മൾട്ടിപ്ലക്സ് തിയറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ നിയമനം</u>

1864 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ നിയമനം പി. എസ്. സി മുഖേന ആക്കി ഉത്തരവായത് എന്നു മുതൽക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനുശേഷം എത്ര പേരെ പി.എസ്.സി മുഖേനയല്ലാതെ നിയമിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്ക് നല്കുമോ;

(സി) ആയതിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ഡി) സ്ഥിരപ്പെടുത്തിയവരിൽ എത്ര പേർക്ക് പ്രൊമോഷൻ നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഈ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ചലച്ചിത്ര വികസന കോർപ്പറേഷനിലെ സൂപ്പർവൈസറി തസ്തികകളുടെ വിശദാംശം</u>

1865 ശ്രീ. കെ.എം.ഷാജി
,, കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലെ സ്ഥാപനങ്ങളിൽ ഏറ്റവും താഴ്ന്നതലം മുതൽക്കുള്ള സൂപ്പർവൈസറി തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള അക്കാദമിക് സാങ്കേതിക യോഗ്യതകൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ ജോലി ചെയ്യുന്നവർ ആരെല്ലാമാണ്; അവരുടെ നിയമനരീതി, യോഗ്യത എന്നിവയുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ചലച്ചിത്ര വികസന കോർപ്പറേഷനിലെ നിയമനം</u>

1866 ശ്രീ. പി.കെ.ബഷീർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ നിയമന രീതി എന്തൊണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ സാങ്കേതിക തസ്തികകൾക്ക് സാങ്കേതിക യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ഉയർന്ന സാങ്കേതിക തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുമ്പോൾ സാങ്കേതിക യോഗ്യത പരിഗണിക്കാറുണ്ടോ;

(ഡി) എങ്കിൽ നിയമനങ്ങൾക്കും പ്രോമോഷനും യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?